# കേരള ക്യാപ്റ്റനും കിറ്റെക്സ് മുതലാളിയും

കോവിഡ് മഹാമാരി മനുഷ്യരിൽ നിന്നും വിട്ടൊഴിയാതെ പടർന്നുകൊണ്ടിരിക്കുന്ന അത്യപൂർവ്വമായ ഒരു സാഹചര്യത്തിൽ കേരളം ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ക്കൂടി കടന്നുപോയിരിക്കുയാണ്. ആർക്കാണ് മന്ത്രിസഭ രൂപീകരക്കാനുള്ള അവസരം ജനങ്ങൾ നൽകിയിരിക്കുന്നതെന്ന് വ്യക്തമാകാൻ മെയ് രണ്ട് വരെ കാത്തിരിക്കേണ്ടതുണ്ട്. ഭരണം എൽ.ഡി.എഫ്-യു.ഡി.എഫ് മുന്നണികൾക്കായി കൈമാറിക്കൊടുക്കുന്ന പതിവ് വോട്ടർമാർ ആവർത്തിക്കുമോ? അതോ നിലവിലെ ഭരണമുന്നണിക്ക് ഒരുവട്ടം കൂടി അവസരം ലഭിക്കുന്നതരത്തിൽ ചരിത്രം മാറ്റിയെഴുതപ്പെടുമോ? പ്രബല മുന്നണികൾ നിർണ്ണയിക്കുന്ന ഈ ചർച്ചയുടെ ചട്ടക്കൂടിനപ്പുറം ചിന്തിച്ചാൽ എന്താണ് ഇക്കഴിഞ്ഞ തെരഞ്ഞടുപ്പിന്റെ പ്രാധാന്യം?

തെരഞ്ഞെടുപ്പുകൾ വാഗ്ദാനങ്ങളുടെ കാലമാണ്. വാഗ്ദാനങ്ങൾ തുന്നിക്കെട്ടിയ മാനിഫെസ്റ്റോയെ മുൻനിർത്തിയാണല്ലോ എല്ലാ കക്ഷികളും ഇലക്ഷനെ അഭിമുഖീകരിക്കുന്നത്. നടപ്പിലാക്കാൻ ഭരണഘടനാപരമായി ബാധ്യസ്ഥമല്ലെങ്കിലും മാനിഫെസ്റ്റോ ഭരണത്തിന്റെ അടിസ്ഥാനം എന്നാണ് വയ്പ്പ്. കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ഉയർന്നുവന്ന വാഗ്ദാനങ്ങളിൽ മുഖ്യസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഒരു വാക്കാണ് 'വികസനം' എന്നത്. നിർവ്വചനം വ്യക്തമാക്കാറില്ലെങ്കിലും വികസനത്തിന് ഒരു വോട്ട് എന്നതാണ് ഏറെ വർഷമായി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പൊതുമുദ്രാവാക്യം. വലിയ പദ്ധതികളും കൺസ്ട്രക്ഷനുകളും ഇൻഫ്രാസ്ട്രക്ചറും ആണ് വികസനം എന്ന ഈ തെരഞ്ഞെടുപ്പ് മന്ത്രത്തോടൊപ്പം പൊതുവെ ചേർന്നുനിൽക്കാറുള്ളത്. വികസനം ഒരു അജണ്ടയോ ലക്ഷ്യമോ അല്ല, മാർഗ്ഗം തന്നെയായി മാറിയിരിക്കുന്ന നവലിബറൽ ഭരണപ്രക്രിയയിൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും അത് മുഖ്യ അജണ്ടയായി മാറുന്നത് സ്വാഭാവികം. എന്നാൽ വികസനത്തിന് പ്രാമുഖ്യം ലഭിക്കുന്ന ആ പതിവിൽ നിന്നും വ്യത്യസ്തമായി ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ക്ഷേമരാഷ്ട്രീയത്തിന് അൽപ്പം മുൻഗണന ലഭിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടത്. കോവിഡ് മഹാമാരിയുടെ വരവിനെ തുടർന്നുണ്ടായ സാമൂഹ്യ സാഹചര്യങ്ങളാണ് ക്ഷേമരാഷ്ട്രീയത്തെ തെരഞ്ഞെടുപ്പ് ചർച്ചകളിൽ സജീവമായി നിർത്തിയത് എന്ന് പറയാം. കിറ്റ് വിതരണവും ക്ഷേമ പെൻഷനും ആയിരുന്നു വൻകിട വികസന പദ്ധതികളേക്കാൾ സംവാദങ്ങളിൽ നിറഞ്ഞുനിന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കിറ്റ് വിതരണം എൽ.ഡി.എഫിന് അനുകൂലമായി മാറി എന്ന വിലയിരുത്തലിൽ നിന്നാണ് നിയമസഭാ തെരഞ്ഞെടുപ്പിലും അത് ഒരു പ്രധാന ചർച്ചാ വിഷയമാക്കി മാറ്റാൻ അവർ തീരുമാനിച്ചത്. അങ്ങനെ എൽ.ഡി.എഫിന്റെ പെയ്ഡ്-നോൺ പെയ്ഡ് കാമ്പയിനുകൾ ജനക്ഷേമത്തെ മുഖ്യഅജണ്ടയാക്കി അവതരിപ്പിച്ചു. കിറ്റ് കിട്ടിയവരുടെയും ക്ഷേമപെൻഷൻ വാങ്ങിയവരുടെയും ചിരിക്കുന്ന മുഖങ്ങൾ വൻകിട വികസന പദ്ധതികളെക്കുറിച്ചുള്ള വാഗ്ധോരണികൾക്കും മേലെ മുഴച്ചുനിന്നു. ഐക്യജനാധിപത്യ മുന്നണിയും ദേശീയ ജനാധിപത്യ സഖ്യവും ഇടതുമുന്നണിയുടെ ഈ അജണ്ടതന്നെ പിന്തുടരാൻ നിർബന്ധിതരായിത്തീരുകയും ചെയ്തു. അവരുടെ മാനിഫെസ്റ്റോകളിലും ക്ഷേമരാഷ്ട്രീയത്തിന് മുഖ്യ പരിഗണന ലഭിച്ചു. അങ്ങനെ വികസനത്തേക്കാളേറെ ക്ഷേമം ചർച്ചയാകുന്ന ഒരു അപൂർവ്വത ഈ തെരഞ്ഞെടുപ്പിൽ ദൃശ്യമാവുകയുണ്ടായി. എന്നാൽ ക്ഷേമത്തെ മുൻനിർത്തിയുള്ള തെരഞ്ഞെടുപ്പ് രാഷ്ട്രീയ സംവാദങ്ങൾ ജനാധിപത്യ പ്രക്രിയയിലും കേരള സമൂഹത്തിലും ഏത് തരത്തിലുള്ള മാറ്റമാണ് സൃഷ്ടിക്കുന്നതെന്ന് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ദുരിതകാലത്ത് ഭക്ഷ്യസാധനങ്ങൾ സൗജന്യമായി എത്തിക്കുക എന്നത് വളരെ അത്യന്താപേക്ഷിതമായ നടപടിയാണെങ്കിലും കാരുണ്യമോ ഔദാര്യമോ അല്ല അത് എന്ന് പൗരസമൂഹത്തോട് പറയാൻ ബാധ്യസ്ഥരായ രാഷ്ട്രീയ പാർട്ടികൾ സർക്കാരിന്റെ മികവായും ഭരണപ്രക്രിയയുടെ സൗമനസ്യമായും ആണ് ഇതിനെ അവതരിപ്പിച്ചത്. പരിവർത്തനാത്മകമായ രാഷ്ട്രീയമാണ് ഞങ്ങൾ നടത്തുന്നതെന്ന് അവകാശപ്പെടുന്ന ഇടതുപക്ഷം കിറ്റിന് ഒരു വോട്ട് എന്ന് പച്ചയായി പറയുമ്പോൾ അതിനെ രാഷ്ട്രീയമായി പ്രതിയോഗിക്കാൻ പ്രതിപക്ഷകക്ഷികൾക്ക് കഴിയാതെ പോവുകയും ചെയ്തു. സമ്പത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രീകരണം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കൻ വേണ്ടിയാണ് മുതലാളിത്ത രാജ്യങ്ങളിലെ ഭരണകൂടങ്ങൾ 1930ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ക്ഷേമപ്രവർത്തനങ്ങൾ വ്യാപകമാക്കുന്നത്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമുണ്ടായ ക്ഷേമരാഷ്ട്ര സങ്കൽപ്പം എന്ന ആലോചനയ്ക്ക് പിന്നിൽ പലതരത്തിലുള്ള അവകാശ സമരങ്ങളെ തണുപ്പിക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു എന്ന് രാഷ്ട്രീയ വിദഗ്ധർ വിലയിരുത്തിയിട്ടുണ്ട്. എന്നാൽ സൗജന്യം കൊടുക്കലല്ല, ആസൂത്രണത്തോടെയുള്ള വികസന പദ്ധതികളാണ് ക്ഷേമം കൊണ്ടുവരുന്നത് എന്ന നെഹ്റൂവിയൻ സോഷ്യലിസ്റ്റ് കാഴ്ച്ചപ്പാടിൽ നിന്നാണ് ഇന്ത്യയിൽ പല ക്ഷേമ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുള്ളത്. ആഹാരം നൽകൽ മാത്രമല്ല, ആഹാരം കണ്ടെത്താൻ കഴിയുന്നതരത്തിൽ ജനങ്ങളുടെ പ്രാപ്തികളെ വികസിപ്പിക്കുകയാണ് വേണ്ടത് എന്ന തിരിച്ചറിവ് ഒരുകാലത്ത് നമുക്കുണ്ടായിരുന്നു. അവിടെ നിന്നാണ് 'കിറ്റിന് ഒരു വോട്ട്'എന്ന ട്വന്റി-ട്വന്റി മോഡൽ ഔദാര്യത്തിന്റെ അരാഷ്ട്രീയതയിലേക്ക് നമ്മൾ കൂപ്പുകുത്തിയത്. ഇത് സോഷ്യലിസ്റ്റ് കാഴ്ച്ചപ്പാട് മുറുകെപ്പിടിക്കുന്ന സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ക്ഷേമ സങ്കൽപ്പമല്ല. സാമൂഹിക നീതിയെക്കുറിച്ചുള്ള രാഷ്ട്രീയ ചോദ്യങ്ങളെ അപ്രസക്ത മാക്കുന്ന ഔദാര്യത്തിന്റെ അരാഷ്ട്രീയ ക്ഷേമമാണിത്. സോഷ്യലിസത്തിന് പകരം കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി മോഡലിന്റെ യുക്തിയാണ് ഈ നവ ക്ഷേമ കാമ്പയിനുകളിൽ പ്രതിഫലിക്കുന്നത്. കിറ്റെക്സ് കമ്പനി മുതലാളിയായ സാബു എം ജേക്കബിൽ നിന്നും കേരള സ്റ്റേറ്റ് ലിമിറ്റഡ് കമ്പനിയുടെ ക്യാപ്റ്റനായ പിണറായി വിജയനിലേക്ക് വലിയ ദൂരമില്ലാതായിരിക്കുന്നതിന് കാരണവും അതുതന്നെയാണ്. ഈ അപകടം നമ്മൾ തിരിച്ചറിയുകയും പ്രതിരോധിക്കുകയും വേണം. ■